ഫോറസ്റ്റ് കൺസർവേറ്റർ മേൽപ്പറഞ്ഞ സ്ഥലം സന്ദർശിക്കുകയുണ്ടായി. 8-6-2004 സർക്കാർ നിർദ്ദേശാനുസരണം പാലക്കാട് ജില്ലാ കളക്ടർ, മറ്റ് റവന്യൂ ഉദ്യോഗസ്ഥർ, സർവ്വേ, വനം, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സംഘം പ്രസ്തുത സ്ഥലം സന്ദർശിക്കുകയുണ്ടായി.

(ഡി) ഗതിമാറ്റപ്പെട്ട പുഴയുടെ മുഴുവൻ നീരൊഴുക്കും മലമ്പുഴ ജലസംഭരണിയിൽ എത്തുമോയെന്നും, ഈ ഗതിമാറ്റം നടത്തിയ പുഴ കേരളത്തിന്റെ അതിർത്തിക്കുള്ളിലാണോ തമിഴ്നാടിന്റെ അതിർത്തിക്കുള്ളിലാണോ എന്നും, ഈ ഗതിമാറ്റം മലമ്പുഴയുടെ പ്രധാന ഉറവിടമായ ഒന്നാം പുഴയെ ബാധിച്ചിട്ടുണ്ടോ എന്നും കണ്ടെത്തുവാൻ വിശദമായ പഠനങ്ങൾ ആവശ്യമാണെന്ന് ബോധ്യമായതിനാൽ മലമ്പുഴ ജലസേചന ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി റവന്യൂ, വനം, സർവ്വേ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു കർമ്മ സേന രൂപീകരിക്കുകയുണ്ടായി. കേരളവും തമിഴ്നാടും യോജിച്ച് വിശദമായ സർവ്വേ നടത്താൻ തീരുമാനിച്ചതനുസരിച്ച് തമിഴ്നാട് സർക്കാരിന്റെ സഹകരണം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ആവശ്യം തമിഴ്നാട് സർക്കാരിന്റെ പരിഗണനയിലാണ്.

ഭവാനി പുഴയിൽ നിന്ന് തമിഴ്നാട്ടിലേക്ക് ഒഴുകുന്ന ജലം

67 [2676] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനിപ്പുഴയിൽ നിന്ന് എത്ര ടി.എം.സി. ജലം തമിഴ്നാട്ടിലേക്ക് ഒഴുകി പോകുന്നുണ്ട്;

(ബി) ഇതു പരിഗണിച്ച് കർഷകർക്ക് മോട്ടോർ ഉപയോഗിച്ച് വെള്ളം എടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭവാനിപ്പുഴയിൽ കേരളത്തിലെ വൃഷ്ടി പ്രദേശത്തു നിന്നും ലഭിക്കുന്ന 36 ടി. എം. സി. ജലം തമിഴ്നാട്ടിലേക്ക് ഒഴുകിപ്പോകുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) കർഷകർക്ക് മോട്ടോർ ഉപയോഗിച്ച് വെള്ളം എടുക്കുന്നതിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട തഹസിൽദാരുടെ പെർമിഷൻ വാങ്ങി കർഷകർക്ക് വെള്ളമെടുക്കാവുന്നതാണ്.

ജലനിധി പദ്ധതി

68 [2677] ശ്രീ. ടി. യു. രാധാകൃഷ്ണൻ;
,, പി. ടി. തോമസ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
,, കെ. വി. തോമസ്:
ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി പദ്ധതി പ്രകാരം എത്ര സ്കീമുകൾ നടപ്പാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly